നം. ICDS-A3-38279/15

സാമൂഹ്യനീതി ഡയറക്ടറേറ്റ്( അനക്സ്)
സാമൂഹ്യനീതി ഭവൻ, പൂജപ്പുര
തിരുവനന്തപുരം. തീയതി:14/11/2017

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
(തൃശ്ശൂർ, ഇടുക്കി ഒഴികെ)
എല്ലാ ശിശുവികസന പദ്ധതി ആഫീസർമാർക്കും
(തൃശ്ശൂർ, ഇടുക്കി ഒഴികെ)

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ്- സംയോജിത ശിശുവികസന സേവന പദ്ധതി – അങ്കണവാടികളുടെ സ്ഥിതി വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നതിനായി സോഫ്റ്റ് വെയർ രൂപകല്പന ചെയ്യുന്നത് – സംബന്ധിച്ച്.

സൂചന:
1. ഈ കാര്യാലയത്തൽ നിന്നുള്ള 3/5/16, 7/6/16, 21/12/16 എന്നീ തീയതികളിലെ ഇതേ നമ്പർ കത്തുകൾ
2. 31/8/2017 ലെ ഈ ഓഫീസിൽ നിന്നുള്ള No.ICDS-A3-38279/15 നമ്പർ സർക്കുലർ

ഇ- ക്ഷേമ വഴി അങ്കണവാടികളെ സംബന്ധിച്ചുള്ള വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാനും ആയതിന്റെ പ്രോഗ്രസ്സ് ഈ ഓഫീസിൽ അറിയിക്കാനും എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും, ശിശുവികസന പദ്ധതി ആഫീസർമാർക്കും സൂചന 2 പ്രകാരം നിർദ്ദേശങ്ങൾ നൽകിയിരുന്നു. 25/9/2017 ന് എത്ര ശതമാനം വിവരം രേഖപ്പെടുത്തിയെന്നും 9/10/17 ന് പൂർണ്ണമായും ഡാറ്റാ എൻട്രി ചെയ്യണമെന്നും 11/10/17 ന് ബന്ധപ്പെട്ട സി.ഡി.പി.ഒ.മാർ തങ്ങളുടെ കീഴിലുള്ള എല്ലാ ഫീൽഡും പൂർണ്ണമായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കി പി.ഒ.യ്ക്ക് റിപ്പോർട്ട് നല്കണമെന്നും ആവശ്യപ്പെട്ടിരുന്നു. 13/10/17 നകം പി.ഒ.മാർ ഇതുമായി ബന്ധപ്പെട്ട എല്ലാ ജോലികളും പൂർത്തീകരിക്കേണ്ടതാണെന്നു സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു.

എന്നാൽ നാളിതുവരെ 2 ജില്ലകളിൽ നിന്ന് മാത്രമെ ഇതു സംബന്ധിച്ചുള്ള പ്രോഗ്രസ്സ് എങ്കിലും അയച്ചു തന്നിട്ടുള്ളൂ. അങ്കണവാടികളെ സംബന്ധിച്ച് വിവിധ വിഷയങ്ങൾ കൃത്യമായി അപ്ഡേറ്റ് ചെയ്യുന്നതിന് ആവശ്യപ്പെട്ടിരുന്നത് ചെയ്യാതിരുന്ന പ്രവണത അംഗീകരിക്കുവുന്നതല്ല. ആയതിനാൽ കാലതാമസത്തിന് വിശദീകരണവും ഇതിനോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന ഫോർമാറ്റിൽ MIS Updation നെ സംബന്ധിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തി ഈ ഓഫീസിൽ മടക്ക തപാലിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി